പി.ആർ.ഡി. വഴി വിവിധ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക

66 (3350) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മുതൽ 2014 ഒക്ടോബർ 31 വരെ പി.ആർ.ഡി വഴി വിവിധ ദൃശ്യ പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സർക്കാരിന്റെ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ പരസ്യയിനത്തിൽ എത്ര രൂപ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് നൽകി ;ഏതൊക്കെ മാധ്യമങ്ങൾക്ക് എത്ര തുക വീതം നൽകി ; വ്യക്തമാക്കുമോ ;

(സി) പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ചട്ടം ലംഘിച്ച് ഏതെല്ലാം ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ തുക അധികമായി നൽകി ; എത്ര തുക വീതം നൽകി ; വ്യക്തമാക്കുമോ ;

(ഡി) റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ നാളിതുവരെ നൽകാനുള്ള തുക എത്രയാണ് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഓരോ സാമ്പത്തിക വർഷവും പി.ആർ.ഡി.യ്ക്ക് ബജറ്റ് വിഹിതമായി നീക്കി വച്ച തുക എത്ര ; ചെലവഴിച്ച തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2011 മേയ് മുതൽ 2014 ഒക്ടോബർ 31 വരെ പി.ആർ.ഡി. വഴി വിവിധ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം	ആകെ ചെലവഴിച്ച തുക
2011-12	36,17,86,702
2012-13	26,48,10,268
2013-14	24,02,36,409
2014-31-10-2014	17,61,27,509

(ബി) സർക്കാരിന്റെ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് പരസ്യം നൽകിയ വകയിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് തുകയൊന്നും നൽകിയിട്ടില്ല. ബില്ലുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

(സി) പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ചട്ടം ലംഘിച്ച് ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല.

(ഡി) റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് കുടിശ്ശികയിനത്തിൽ പഴയ നിരക്കുകൾ പ്രകാരം ഏകദേശം 30 കോടി രൂപയോളം വരും. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഓരോ സാമ്പത്തിക വർഷവും പി.ആർ.ഡി.-ക്ക് ബജറ്റ് വിഹിതമായി നീക്കിവച്ച തുകയുടെയും ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നുൾപ്പെടെ ചെലവഴിച്ച തുകയുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതവും അധിക ഫണ്ടും ഉൾപ്പെടെ അനുവദിച്ച തുക	ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നുൾപ്പെടെ ആകെ ചെലവഴിച്ച തുക
2011-12	36 കോടി 90 ലക്ഷം	36,17,86,702
2012-13	23 കോടി	26,48,10,268*
2013-14	22 കോടി	24,02,36, 409*
2014-15 (ഒക്ടോബർ 31 വരെ)	24 കോടി	17,61,27,509

*2012-13, 2013-14 സാമ്പത്തിക വർഷത്തിൽ ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നും ചെലവായ 3,49,40,972 രൂപയും 2,02,59,660 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly